**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3366** **01-03-2023 - ൽ മറുപടിയ്ക്ക്**

**പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന്, തേഞ്ഞിപ്പലം, മുന്നിയൂർ, ചേലേമ്പ്ര എന്നീ ഗ്രാമ പഞ്ചായത്തുകളിലൂടെ കടന്ന് പോവുന്ന കടലുണ്ടിപ്പുഴ,പൂല്ലിപ്പുഴ,കനോലി കനാൽ എന്നിവയുടെ പുറമ്പോക്കുകൾ അളന്ന് തിട്ടപ്പെടുത്തുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | തിരൂരങ്ങാടി താലൂക്ക് പരിധിയിലെ വള്ളിക്കുന്ന്, തേഞ്ഞിപ്പാലം, മുന്നിയൂർ വില്ലേജുകളിലൂടെ കടന്നു പോകുന്ന കടലുണ്ടിപ്പുഴയ്ക്ക് യഥാക്രമം 6.5 കി.മീറ്റർ, 3 കി.മീറ്റർ, 4 കി.മീറ്റർ ദൂരമുണ്ട് . കടലുണ്ടിപ്പുഴയുടെ അതിർത്തി നിർണ്ണയിക്കുന്നതിലേക്ക് ആദ്യഘട്ടം എന്ന നിലയ്ക്ക് 150 സർവ്വെ കല്ലുകളും, കാട്ടുവെട്ടി തെളിയിക്കുന്നതിനായി ദിവസക്കൂലിക്ക് ആളുകളെ ഏർപ്പെടുത്തുന്നതിനും ടി ജോലി പൂർത്തീകരിക്കുന്നതിലേക്ക് 6 സർവ്വേ ഉദ്യോഗസ്ഥൻമാരേയും, ചെയിൻമാൻ കൂലിയിനത്തിൽ 40,000/-രൂപയും ആവശ്യമായി വരുന്നതെന്ന് വിലയിരുത്തിയിട്ടുണ്ട്.<br><br>പൂല്ലിപ്പുഴയുടെ മലപ്പുറം ജില്ല ഉൾപ്പെട്ട ഭാഗം സർവ്വ ചെയ്യുന്നതിന് ചേലേമ്പ്ര ഗ്രാമ പഞ്ചായത്ത്, ഇറിഗേഷൻ ഹാർബർ എഞ്ചിനീയറിംഗ്, റവന്യൂ വകുപ്പുകൾ സംയുക്തമായി സ്ഥല പരിശോധന നടത്തിയെങ്കിലും സർവ്വേയർമാരുടെ കുറവ് കാരണം നടപടികൾ പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല.<br><br>ഇതിലേക്കായി പ്രത്യേക സർവ്വെ ടീമിനെ നിയോഗിച്ച് സർവ്വേ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഇതിനായി ഒരു പ്രത്യേക ഉദ്യോഗസ്ഥ സംഘത്തെ നിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | തിരൂരങ്ങാടി താലൂക്ക് പരിധിയിലെ വള്ളിക്കുന്ന്, തേഞ്ഞിപ്പാലം, മുന്നിയൂർ വില്ലേജുകളിലൂടെ കടന്നു പോകുന്ന കടലുണ്ടിപ്പുഴയ്ക്ക് യഥാക്രമം 6.5 കി.മീറ്റർ, 3 കി.മീറ്റർ, 4 കി.മീറ്റർ ദൂരമുണ്ട് . കടലുണ്ടിപ്പുഴയുടെ അതിർത്തി നിർണ്ണയിക്കുന്നതിലേക്ക് ആദ്യഘട്ടം എന്ന നിലയ്ക്ക് 150 സർവ്വെ കല്ലുകളും, കാട്ടുവെട്ടി തെളിയിക്കുന്നതിനായി ദിവസക്കൂലിക്ക് ആളുകളെ ഏർപ്പെടുത്തുന്നതിനും ടി ജോലി പൂർത്തീകരിക്കുന്നതിലേക്ക് 6 സർവ്വേ |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥൻമാരേയും, ചെയിൻമാൻ കൂലിയിനത്തിൽ 40,000/-രൂപയും ആവശ്യമായി വരുന്നതെന്ന് വിലയിരുത്തിയിട്ടുണ്ട്.<br><br>പൂല്ലിപ്പുഴയുടെ മലപ്പുറം ജില്ല ഉൾപ്പെട്ട ഭാഗം സർവ്വ ചെയ്യുന്നതിന് ചേലേമ്പ്ര ഗ്രാമ പഞ്ചായത്ത്, ഇറിഗേഷൻ ഹാർബർ എഞ്ചിനീയറിംഗ്, റവന്യൂ വകുപ്പുകൾ സംയുക്തമായി സ്ഥല പരിശോധന നടത്തിയെങ്കിലും സർവ്വേയർമാരുടെ കുറവ് കാരണം നടപടികൾ പൂർത്തിയാക്കുവാൻ സാധിച്ചിട്ടില്ല.<br><br>ഇതിലേക്കായി പ്രത്യേക സർവ്വെ ടീമിനെ നിയോഗിച്ച് സർവ്വേ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ